# കേരളപാഠാവലി

## ക്ലാസ് 10

### മലയാളം

### പൊതുനിർദേശങ്ങൾ

1. ചോദ്യപേപ്പർ ഉണ്ടാക്കാനുള്ള ചുമതല അതത് സ്കൂളുകൾക്കാണ്.
2. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് ചോദ്യങ്ങൾ തയാറാക്കിയിരിക്കുന്നത്.
3. അനുവദിച്ച സമയത്തിനകത്ത് കുട്ടികൾക്ക് എഴുതാൻ പറ്റിയ വിധത്തിൽ ചോദ്യങ്ങൾ ക്രമീകരിക്കണം.
4. വ്യത്യസ്ത ചോദ്യമാതൃകകൾ ഉറപ്പുവരുത്തണം.
5. വ്യത്യസ്ത ശേഷികൾ/ആശയങ്ങൾ പരിഗണിക്കണം.
6. പൂർത്തിയാക്കിയ എല്ലാ പാഠങ്ങളെയും പരിഗണിച്ചാവണം ചോദ്യപേപ്പർ ക്രമീകരിക്കേണ്ടത്.
7. ചോദ്യപേപ്പർ തയാറാക്കുമ്പോൾ ചോദ്യവും സ്കോറും മാത്രം നൽകിയാൽ മതിയാകും.

**തയാറാക്കിയത്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**2011**

# യൂണിറ്റ് 1

1.1 **ആശയം:** *കാലദേശങ്ങൾക്കനുസരിച്ച് കലാഭിരുചിയിലും മാറ്റം വരുന്നു.*

"ഇത് ഞാനാണോ മോളേ?"

അയാൾ ആശങ്കയോടെ ചോദിച്ചു.

"അതെ, അച്ഛൻതന്നെ."

ശിവരാമൻ ചിത്രം തിരിച്ചും മറിച്ചും നോക്കി. എങ്ങനെ നോക്കിയിട്ടും അയാൾക്ക് ആ ചിത്രത്തിൽ തന്റെ മുഖം കാണാൻ കഴിഞ്ഞില്ല.

- ശിവരാമന്റെയും മകളുടെയും കലാഭിരുചി, കാഴ്ചപ്പാടുകൾ എന്നിവയിലെ അന്തരം പ്രതിഫലിപ്പിക്കാൻ ഈ കഥാസന്ദർഭം സഹായകമാവുന്നുണ്ടോ? എങ്ങനെ? അഭിപ്രായം കുറിക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.2 **ആശയം:** *ധ്വന്യാത്മകമായ രചനകൾ കൂടുതൽ ആകർഷകമാണ്.*

"നളനഗരേ വാഴുന്നൂഞാൻ നളിനജന്മവചസാ
നളിനമിഴിമാർക്കെല്ലാം നടപഠിപ്പാൻ."

- ഹംസത്തിന്റെ ഈ വാക്കുകളിൽ ദമയന്തിയെ സ്വാധീനിക്കാനുള്ള എന്തെല്ലാം തന്ത്രങ്ങളാണ് ഒളിഞ്ഞിരിക്കുന്നത്? *സമയം- 5 മിനിട്ട് (സ്കോർ 2)*

1.3 **ആശയം:** *കലകൾ ജനജീവിതത്തിന്റെ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു.*

"വേനൽക്കാലമായാൽ കേരളത്തിൽ ഉത്സവകാലം തുടങ്ങുകയായി. ഉത്സാഹപൂർവം പെട്ടിയുമെടുത്ത് കഥകളിസംഘങ്ങൾ നാടുതോറും സഞ്ചരിക്കുന്നു. അവരെ പാർപ്പിച്ച് സഹകരിച്ച് കലാവിരുന്നുണ്ണാൻ ഗ്രാമങ്ങൾ ഉണരുന്നു. പ്രഭുകുടുംബങ്ങളിലും കൊട്ടാരങ്ങളിലും അമ്പലപ്പറമ്പുകളിലുമെല്ലാം കളിവിളക്കുണരും. രണ്ടോ മൂന്നോ കഥകൾ ആടിക്കഴിഞ്ഞാൽ പാവുമുണ്ടും പാരിതോഷികങ്ങളും വാങ്ങി അവർ യാത്രതിരിക്കുകയായായി."

- ഇത് ഒരുകാലത്തെ അവസ്ഥയാണ്. ജീവിതരീതി, സംസ്കാരം എന്നിവയിലുണ്ടായ മാറ്റങ്ങൾ കഥകളിയുടെ പ്രചാരത്തെ സ്വാധീനിച്ചിട്ടുണ്ടോ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക *സമയം- 8 മിനിട്ട് (സ്കോർ 4)*

1.4 **ആശയം:** *ധ്വന്യാത്മകമായ രചനകൾ കൂടുതൽ ആകർകമാണ്.*

"സ്വതേ അവരാരും എന്റെ ഇല്ലത്തേക്കു വരാറില്ല. മാറ്റ്യാൻ, മാറ്റ്യാൻ എന്നാണ് എല്ലാവരും എന്നെ വിളിക്കാറ്."

- വിദൂഷകന് ഇത്തരമൊരനുഭവം ഉണ്ടാകാനുള്ള കാരണങ്ങൾ എന്താവാം? നിഗമനങ്ങൾ സൂചനകളായി എഴുതുക. *സമയം- 5 മിനിട്ട് (സ്കോർ 2)*

1.5 **ആശയം:** *വാമൊഴിയുടെ സവിശേഷതകൾ തിരിച്ചറിയുന്നതിന്.*

'ഇല്ലത്ത് ഗൃഹച്ഛിദ്രം സഹിയ്ക്ക വയ്യാതായിരിക്കുണു.'
'ഓഹോ, ആരുതമ്മിലാ. മൂസ്സും മറ്റുമായിട്ടാണോ?'

'അതല്ലാ'
'പിന്നാരാ.'
'അകത്താ.'
'ആഹാ, അങ്ങിന്യാ. ഛിദ്രം അകത്തു തുടങ്ങ്യാൽ ബുദ്ധിമുട്ടന്ന്യാണേ. ആട്ടെ. ആരു തമ്മിലാ. അകായിലോ. അമ്മയോ...'
'അവരാരുമല്ല.'
'ഹേയ്, പിന്നാരാ വഴക്കിന്.'
'മുരിഞ്ഞപ്പേരീം ചോറും.,
'എന്ത്, വഴക്കോ!'
'ആ.....'

– വിദൂഷകക്കൂത്തിലെ ചില സംഭാഷണങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഈ ഭാഷയുടെ സവിശേഷതകൾ സൂചനകളായി എഴുതുക. *സമയം– 5 മിനിട്ട് (സ്കോർ 2)*

1.6 **ആശയം:** *കലകൾ ജനജീവിതത്തിന്റെ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു.*

ന്നന്ന്യല്ല, എന്റെ രസികത്തം ഇഷ്ടപ്പെട്ടിട്ടോ എന്തോ, അദ്ദേഹത്തിന്റെ സേവകന്മാരിലൊരാളായി എന്നെ നിയമിച്ചു. പിന്നവിടൊരു താമസണ്ടായിട്ടുണ്ട്, അയ്യാ... തേച്ചുകുളി, ചതുർവിധ ഭോജ്യരസങ്ങളോടും കൂടിയ ഭക്ഷണം. സുഖായ ഉറക്കം, നേരം പോക്കു പറയല്. ഇങ്ങന്യങ്ങട് കഴിയാൻ തുടങ്ങി.

– ഈ വരികളിലെ പരിഹാസം സാമൂഹ്യവിമർശനമായി മാറുന്നത് എങ്ങനെ? അഭിപ്രായം കുറിക്കുക. *സമയം– 8 മിനിട്ട് (സ്കോർ 4)*

1.7 **ആശയം:** *സന്ദർഭത്തിന് ഗൗരവവും പ്രൗഢിയും ചടുലതയും കൈവരുത്താൻ പദങ്ങളുടെ വിന്യാസക്രമം സഹായകമാവുന്നു.*

പോക പൂങ്കാവിലെന്നു <u>പുതുമധുവചനേ</u>!
വലിയ നിർബന്ധം തവ വാഴുന്നേരം ഭവനേ
പോവാൻ തന്നെയോ വന്നു <u>പൂർണേന്ദുവദനേ</u>!
<u>കാമിനീമൗലേ</u>! ചൊൽക <u>കാതരനയനേ</u>!

– വരയിട്ടിരിക്കുന്ന പദങ്ങൾ ശ്രദ്ധിച്ചല്ലോ. സഖിമാർ ദമയന്തിക്കു നൽകുന്ന വിശേഷണങ്ങളിൽ ദമയന്തിയുടെ എന്തെല്ലാം സവിശേഷതകളാണ് തെളിയുന്നത്? നിരീക്ഷണങ്ങൾ കുറിക്കുക. *സമയം– 8 മിനിട്ട് (സ്കോർ 4)*

1.8 **ആശയം:** *സന്ദർഭത്തിന് ഗൗരവവും പ്രൗഢിയും ചടുതലയും കൈവരുത്താൻ പദങ്ങളുടെ വിന്യാസക്രമം സഹായകമാവുന്നു.*

മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ?
വിധുമണ്ഡലമിറങ്ങി ക്ഷിതിയിലേ പോരികയോ?
സ്വർണവർണമാമന്നം പറന്നിങ്ങു വരികയോ?
കണ്ണുകൾക്കിതു നല്ല പിയൂഷധരികയോ?

– കാഴ്ചയുടെ വ്യത്യസ്ത തലങ്ങൾ ഒരു സിനിമയിലെന്ന പോലെ ആവിഷ്കരിക്കാൻ ഈ വരികൾക്കു കഴിയുന്നുണ്ടോ? വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.
*സമയം– 12 മിനിട്ട് (സ്കോർ 6)*

1.9 **ആശയം:** *സന്ദർഭത്തിന് ഗൗരവവും പ്രൗഢിയും ചടുലതയും കൈവരുത്താൻ പദങ്ങളുടെ വിന്യാസക്രമം സഹായകമാവുന്നു.*

യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം

- ഈ വരികളിൽ തെളിയുന്ന നായികയുടെ തൂലികാചിത്രം ചുരുക്കിയെഴുതുക.
*സമയം- 8 മിനിട്ട് (സ്കോർ 4)*

1.10 **ആശയം:** *കലകൾ ജനസമൂഹത്തിന്റെ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു.*

- "ആർട്ട് അറ്റാക്ക് എന്ന കഥയിലെ ശിവരാമൻ ഒരു പഴഞ്ചനാണ്."
- "ചില മൂല്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്ന വ്യക്തിയാണ് ശിവരാമൻ"

- മേൽപ്പറഞ്ഞ ഏതഭിപ്രായത്തോടാണ് നിങ്ങൾ യോജിക്കുന്നത്? എന്തുകൊണ്ട്? സ്വാഭിപ്രായക്കുറിപ്പ് തയാറാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.11 **ആശയം:** *കലകൾ ജനസമൂഹത്തിന്റെ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു.*

കാൽനൂറ്റാണ്ടു കാലമായി ഇംഗ്ലീഷിൽ കലാവിമർശനമെഴുതുന്ന അയാൾക്ക് അവരുടെ സംസാരത്തിലെ പല ഇംഗ്ലീഷ് പ്രയോഗങ്ങളും മനസ്സിലായില്ല. ശിവരാമനെ അതു തളർത്തി. താൻ ഭാഷ മറന്നുപോവുകയാണോ? അല്ലെങ്കിൽ ഭാഷ തന്നെ കൈവെടിയുകയാണോ?

- ഇവിടെ തെളിയുന്ന ശിവരാമന്റെ മാനസികാവസ്ഥ വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

1.12 **ആശയം:** *ധ്വന്യാത്മക രചനകൾ കൂടുതൽ ആകർഷകമാണ്.*

ചലദളിഝങ്കാരം ചെവികളിലംഗാരം
കോകിലകൂജിതങ്ങൾ കൊടിയ കർണശൂലങ്ങൾ
കുസുമസൗരഭം നാസാകുഹരസരസ്സൈരിഭ-
മതിദുഃഖകാരണമിന്നാരാമസഞ്ചരണം.

- ദമയന്തിയുടെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കുവാൻ വരികൾക്കു കഴിയുന്നുണ്ടോ? വിശകലനക്കുറിപ്പ് തയാറാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.13 **ആശയം:** *ധ്വന്യാത്മക രചനകൾ കൂടുതൽ ആകർഷകമാണ്.*

യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം
അവിവേകമിതു കണ്ടാലറിവുള്ളവർ
പരിഹസിക്കും ചിലർ പഴിക്കും -
വഴി പിഴയ്ക്കും - തവ നിനയ്ക്കുമ്പോൾ.

- ഹംസത്തിന്റെ ഉപദേശത്തിന്റെ സമകാലികപ്രസക്തി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *സമയം- 10 മിനിട്ട് (സ്കോർ 5)*

1.14 **ആശയം:** *ധ്വന്യാത്മക രചനകൾ കൂടുതൽ ആകർഷകമാണ്.*

തന്റെ വീട്ടിൽ പരമദാരിദ്ര്യമാണ്. പലപ്പോഴും ചോറു കഴിക്കാറില്ല. മുരിങ്ങയില ഉപ്പേരിയാണ് മുഖ്യഭക്ഷണം.

-ലളിതമായ ഈ ആശയം അവതരിപ്പിക്കുവാൻ ചാക്യാർ സ്വീകരിച്ച രീതിയുടെ പ്രത്യേകതകൾ പരിശോധിച്ച് കുറിപ്പു തയാറാക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.15 **ആശയം:** *കലകൾ ജനസമൂഹത്തിന്റെ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു.*

- “മാറ്യാൻ മാറ്റ്യാൻ എന്നാണ് എല്ലാവരും എന്നെ വിളിക്കാറ്.”
- “ഞാൻ അവരേയും മാറ്റ്യാന്മാരായാണ് കരുതാറ്.”
- “ചെന്ന ഉടൻ ഞാൻ അദ്ദേഹത്തെ ഭംഗ്യായിട്ടൊന്നനുഗ്രഹിച്ചു.”
- “കുറച്ചു ദൂരം ചെന്നപ്പോഴാ ഓർത്തത്, ഏതു രാജാവിന്റെ അടുത്തേയ്ക്കാ പോകേണ്ടതെന്നും ചോദിക്ക്യാണ്ടായില്യാന്ന്...”

- സമൂഹത്തിൽ പ്രബലമായി വരുന്ന ഏതെല്ലാം മനോഭാവങ്ങളെയാണ് ഇതിലൂടെ വിദൂഷകൻ വിമർശിക്കുന്നത്? സൂചനകളായി എഴുതുക *സമയം- 6 മിനിട്ട് (സ്കോർ 3)*

1.16 **ആശയം:** *കലകൾ ജനസമൂഹത്തിന്റെ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു.*

“ഞങ്ങൾ സെന്റ് സ്റ്റീഫനിയൻസുകാർ ഐ.എ.എസ്സുകാരെപ്പോലെയാണ്. ഏതു സീറ്റിലും ഞങ്ങൾ കംഫർട്ടബിളാണ്.”

“ചിത്രങ്ങൾ കാണേണ്ടവർ ഗ്യാലറിയിൽ പോയി കാണും. നമ്മൾ അതിനുവേണ്ടി വിലപിടിച്ച സ്പെയ്സ് നഷ്ടപ്പെടുത്തേണ്ടതില്ല.”

- ഗിരിരാജിന്റെ ഈ വാക്കുകളിൽ വ്യക്തമാവുന്ന സ്വഭാവസവിശേഷതകൾ വ്യാഖ്യാനിച്ച് കുറിപ്പു തയാറാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.17 **ആശയം:** *കവിതകൾ വായിച്ച് ആസ്വാദനം തയ്യാറാക്കുന്നതിന്*

- ചുവടെ കൊടുത്തിരിക്കുന്ന കവിതാഭാഗത്തിന് ഒരാസ്വാദനം തയ്യാറാക്കുക. കവിതയുടെ ആശയം, ചമൽക്കാരം തുടങ്ങിയവ വിശദമാക്കുന്നതായിരിക്കണം ആസ്വാദനം.

പ്ലാവില കോട്ടിയ കുമ്പിളിൽ തുമ്പതൻ -
പൂവുപോലിത്തിരിയുപ്പുതരിയെടു-
ത്താവിപാറുന്ന പൊടിയരിക്കഞ്ഞിയിൽ
തൂവി പതുക്കെപ്പറയുന്നു മുത്തശ്ശി:
“ഉപ്പു ചേർത്താലേ രുചിയുള്ളൂ! കഞ്ഞിയിൽ
ഉപ്പുതരിവീണലിഞ്ഞു മറഞ്ഞുപോം-
മട്ടിലെന്നുണ്ണീ! നിൻ മുത്തശ്ശിയും നിന്ന-
നിൽപ്പിലൊരുനാൾ മാഞ്ഞുപോം! എങ്കിലും,
നിന്നിലെയുപ്പായിരിക്കുമെ മുത്തശ്ശി-
യെന്നും! എന്നുണ്ണിയെവിട്ടെങ്ങുപോകുവാൻ!...”

**- ഉപ്പ്-ഒ.എൻ.വി. കുറുപ്പ്**

*സമയം- 10 മിനിട്ട് (സ്കോർ 6)*

***

# കേരളപാഠാവലി

## ക്ലാസ് 10

**മലയാളം**

## പൊതുനിർദേശങ്ങൾ

1. ചോദ്യപേപ്പർ ഉണ്ടാക്കാനുള്ള ചുമതല അതത് സ്കൂളുകൾക്കാണ്.
2. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് ചോദ്യങ്ങൾ തയാറാക്കിയിരിക്കുന്നത്.
3. അനുവദിച്ച സമയത്തിനകത്ത് കുട്ടികൾക്ക് എഴുതാൻ പറ്റിയ വിധത്തിൽ ചോദ്യങ്ങൾ ക്രമീകരിക്കണം.
4. വ്യത്യസ്ത ചോദ്യമാതൃകകൾ ഉറപ്പുവരുത്തണം.
5. വ്യത്യസ്ത ശേഷികൾ/ആശയങ്ങൾ പരിഗണിക്കണം.
6. പൂർത്തിയാക്കിയ എല്ലാ പാഠങ്ങളെയും പരിഗണിച്ചാവണം ചോദ്യപേപ്പർ ക്രമീകരിക്കേണ്ടത്.
7. ചോദ്യപേപ്പർ തയാറാക്കുമ്പോൾ ചോദ്യവും സ്കോറും മാത്രം നൽകിയാൽ മതിയാകും.

**തയാറാക്കിയത്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**2011**

# യൂണിറ്റ് 2

2.1 **ആശയം:** *സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രമേയമാക്കി രചിക്കപ്പെട്ടിട്ടുള്ള കവിതകൾ വിശകലനം ചെയ്യുക.*

ഇവൾക്കുമാത്രമായൊരു ഗാനം പാടാ-
നെനിക്കു നിഷ്ഫലമൊരു മോഹം, സഖീ....!

- സമകാലിക പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ 'ഇവൾക്കുമാത്രം', 'നിഷ്ഫലമൊരു മോഹം' എന്നീ പ്രയോഗങ്ങൾ കവിതയ്ക്കു നൽകുന്ന ആശയതലം പരിശോധിക്കുക.

*സമയം- 12 മിനിട്ട് (സ്കോർ 6)*

2.2 **ആശയം:** *സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രമേയമാക്കി രചിക്കപ്പെട്ടിട്ടുള്ള കവിതകൾ വിശകലനം ചെയ്യുക.*

"...ഉള്ളിൽ കൊടും തീയാളിടും
ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ."

- സ്ത്രീയെക്കുറിച്ചുള്ള കവിയത്രിയുടെ ഒരു നിരീക്ഷണമാണിത്. സ്ത്രീയവസ്ഥയുമായി ബന്ധിപ്പിച്ചുകൊണ്ട് ഈ നിരീക്ഷണം എത്രത്തോളം പ്രസക്തമാണെന്ന് കണ്ടെത്തി കുറിപ്പു തയാറാക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

2.3 **ആശയം:** *സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രമേയമാക്കി രചിക്കപ്പെട്ടിട്ടുള്ള കവിതകൾ വിശകലനം ചെയ്യുക.*

അതിരമ്യബഹിർജ്ജഗത്തൊടി-
ന്നഥവാ വേർപിരിയേണ്ടതില്ല ഞാൻ
ക്ഷിതിയിൽ തനുചേരുമെൻ മനോ-
രഥമിബ്ഭംഗികളോടുമൈക്യമാം.

- ഈ പ്രപഞ്ചത്തിൽ നിന്ന് വേർപിരിയേണ്ടതില്ല എന്നതിന് സീത മുന്നോട്ടുവയ്ക്കുന്ന ന്യായങ്ങൾ എത്രമാത്രം പ്രസക്തമാണെന്ന് പരിശോധിച്ച് കുറിപ്പുതയാറാക്കുക.

*സമയം- 12 മിനിട്ട് (സ്കോർ 6)*

2.4 **ആശയം:** *സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രമേയമാക്കി രചിക്കപ്പെട്ടിട്ടുള്ള കവിതകൾ വിശകലനം ചെയ്യുക.*

"പ്രിയരാഘവ! വന്ദനം ഭവാ-
ന്നുയരുന്നൂ ഭുജശാഖ വിട്ടു ഞാൻ
ഭയമറ്റു പറന്നുപോയിടാം
സ്വയമദ്യോവിലൊരാശ്രയം വിനാ.

- സീതയുടെ ഈ ആത്മബോധം ആധുനിക സ്ത്രീസമൂഹത്തിന് എന്തു പാഠമാണ് നൽകുന്നത്? വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

*സമയം- 12 മിനിട്ട് (സ്കോർ 6)*

2.5 **ആശയം:** *സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രമേയമാക്കി രചിക്കപ്പെട്ടിട്ടുള്ള കവിതകൾ വിശകലനം ചെയ്യുക.*

'.... ഇവൾ കാലത്തിന്റെ
കരങ്ങളിൽ മാത്രം സമാശ്വസിക്കുവോൾ.'

- ഈ വരികളിൽ പ്രകടമാകുന്ന സ്ത്രീയവസ്ഥയെ വ്യാഖ്യാനിക്കുക.

*സമയം- 5 മിനിട്ട് (സ്കോർ 2)*

2.6 **ആശയം:** *സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രമേയമാക്കി രചിക്കപ്പെട്ടിട്ടുള്ള കവിതകൾ വിശകലനം ചെയ്യുക.*

'വിയദാലയവാതിൽ മൂടുമെൻ-
പ്രിയസന്ധ്യേ! ഭവതിക്കു വന്ദനം.'

- സീത സന്ധ്യയെ പ്രിയപ്പെട്ടവളായി കരുതുന്നതിലെ ഔചിത്യം പരിശോധിക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

2.7 **ആശയം:** *ജനാധിപത്യസമൂഹത്തിന്റെ ഉയർച്ചയ്ക്കായി സ്ത്രീയുടെ സ്വാതന്ത്ര്യബോധം പരിപോഷിപ്പിക്കപ്പെടേണ്ടതുണ്ട്.*

- "സ്ത്രീയുടെ സമകാലിക സാമൂഹ്യപദവി" എന്ന വിഷയത്തെ അടിസ്ഥാനമാക്കിനടത്തുന്ന സെമിനാറിനാവശ്യമായ രണ്ട് ഉപവിഷയങ്ങൾ നിർദേശിക്കുക. അവ തെരഞ്ഞെടുത്തിനു പിന്നിലെ യുക്തികൾ കുറിക്കുക. *സമയം- 5 മിനിട്ട് (സ്കോർ 2)*

2.8 **ആശയം:** *പദങ്ങൾ വേർതിരിക്കുകയും ചേർക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ കണ്ടെത്തുന്നു.*

<u>ഏറെക്കുറെ</u> <u>പുരുഷനൊപ്പം</u> <u>സ്വതന്ത്രതയവകാശപ്പെടാൻ</u> സ്ത്രീകൾക്കു സാധിച്ചിട്ടുണ്ടെങ്കിൽ അതു വൃക്ഷലതാദികളുടെയും ജന്തുജാലങ്ങളുടെയുമൊക്കെ തൊട്ടയൽപക്കക്കാരെന്നു വിചാരിക്കാവുന്ന പണിയാളർക്കിടയിൽ മാത്രമാണ്.

- ഏതൊക്കെ പദങ്ങൾ ചേർന്നാണ് അടിവരയിട്ട പദങ്ങൾ ഉണ്ടായത്? ഈ കൂടിച്ചേരലുകൾമൂലം ഉണ്ടായ വർണമാറ്റങ്ങൾ എഴുതുക. *സമയം- 5 മിനിട്ട് (സ്കോർ 3)*

2.9 **ആശയം:** *സാമൂഹിക കാരണങ്ങളുടെ പേരിൽ സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് പലവിധ വിലക്കുകൾ ഏർപ്പെടുത്തുന്നുണ്ട്.*

"വേലചെയ്തു പുലർന്നോളായ്
പുലർത്തുന്നവളായ്, സ്വയം
ജീവിതം പൊൻ കൊടിക്കൂറ
പോലുയർത്തിപ്പിടിച്ചിടും!
തലതാഴില്ല, താഴ്ത്തില്ല,
ഇവൾ, തൻകാലിൽ നിൽപവൾ
ഇവൾതൻ പുഞ്ചിരിക്കൊള്ളും
മുഖമാണമ്മതൻ മുഖം!"

- ഈ വരികളിൽ തെളിയുന്ന സ്ത്രീയുടെ ആത്മവിശ്വാസം സമകാലിക സ്ത്രീ സമൂഹത്തിന് എത്രമാത്രം അനുകരണീയമാണ്? വിശകലനം ചെയ്യുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

2.10 **ആശയം:** *രചനകൾ വിമർശനാത്മകമായി വിലയിരുത്തുന്നതിന്.*

"സാഹിത്യകാരന്മാർ, വിശേഷിച്ചു കവികൾ, അവർ സൃഷ്ടിച്ചിട്ടുള്ള സ്ത്രീപാത്രങ്ങളിലൂടെയാണ് ജീവിക്കുന്നതെന്നു പറയാറുണ്ട്."

- മുണ്ടശ്ശേരിയുടെ ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ വായനാനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ പ്രസ്താവന വിശകലനാത്മകമായി പരിശോധിക്കുക.

*സമയം- 15 മിനിട്ട് (സ്കോർ 6)*

2.11 **ആശയം:** *കമ്പോളവൽക്കരണം വ്യാപകമായ സമൂഹങ്ങളിൽ സ്ത്രീകൾ പലവിധത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാകുന്നു.*

ജീവിതത്തിൽ സ്ത്രീകൾ പലവിധത്തിലുള്ള അവഗണനകൾ അനുഭവിക്കുന്നു. പക്ഷേ, അവർ സാഹിത്യത്തിൽ വളരെയധികം മഹത്വവൽക്കരിക്കപ്പെട്ടു.

- എന്നാൽ ഇന്നത്തെ മാധ്യമങ്ങൾ സ്ത്രീജീവിതത്തെ എങ്ങനെയാണ് അവതരിപ്പിക്കുന്നത്? വിമർശനാത്മകമായി വിലയിരുത്തുക. *സമയം- 15 മിനിട്ട് (സ്കോർ 6)*

2.12 **ആശയം:** *സാമൂഹ്യപുരോഗതിയിൽ സ്ത്രീക്കും പുരുഷനും തുല്യമായ പങ്കാണുള്ളത്.*

- 'ഇരുചിറകുകളൊരുമയിലങ്ങനെ' എന്ന യൂണിറ്റ് തലക്കെട്ടിന്റെ ഔചിത്യം വ്യക്തമാക്കുക.

*സമയം- 6 മിനിട്ട് (സ്കോർ 3)*

2.13 **ആശയം:** *കവിതകൾ വിശകലനം ചെയ്ത് വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ ആവിഷകരിക്കുന്നതിന്*

നിന്റെ കയ്യെത്താത്തേടം
നിന്റെ കണ്ണെത്താത്തേടം
നീയാകെയെത്താത്തേട-
മില്ലയീ കുടുംബത്തിൽ

നീ തൊടും പൊട്ടിങ്ങനെ
വിയർപ്പിൽ കുതിരുമ്പോൾ
ശ്രീദേവി സഹജീവി-
യായ ഞാനസൂയാലു.

നീയരഞ്ഞില്ലാ-
താവുന്നൂ ദിനംതോറും
സ്വീയമാം സൗരഭ്യവും
നിറവും കുളുർമയും

എനിക്കും കിടാങ്ങൾക്കു
മങ്ങനെ ലോകത്തിന്നും
കനിഞ്ഞുപകരുന്ന
പരമാനന്ദത്തോടെ

**-ചന്ദനം- ഒളപ്പമണ്ണ**

“അർഹിക്കാത്ത കഷ്ടപ്പാടിനൊക്കെത്തന്നെയും ഉത്തരവാദികൾ തങ്ങളാണെന്നുള്ള വസ്തുതയെ മറച്ചുവച്ച് പുരുഷന്മാർ അവരെ ‘ത്യാഗിനികൾ’ ‘ത്യാഗിനികൾ’ എന്നു കൊട്ടിയറിയിക്കുകയാണ്.”

– മുണ്ടശ്ശേരിയുടെ ഈ നിരീക്ഷണം മുകളിൽ കൊടുത്തിരിക്കുന്ന കാവ്യഭാഗത്തിനിണങ്ങുമോ? വിമർശനാത്മകമായി വിലയിരുത്തുക. *സമയം- 20 മിനിട്ട് (സ്കോർ 8)*

***

## അടിസ്ഥാനപാഠാവലി

### ക്ലാസ് 10

**മലയാളം**

**പൊതുനിർദേശങ്ങൾ**

1. ചോദ്യപേപ്പർ ഉണ്ടാക്കാനുള്ള ചുമതല അതത് സ്കൂളുകൾക്കാണ്.
2. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് ചോദ്യങ്ങൾ തയാറാക്കിയിരിക്കുന്നത്.
3. അനുവദിച്ച സമയത്തിനകത്ത് കുട്ടികൾക്ക് എഴുതാൻ പറ്റിയ വിധത്തിൽ ചോദ്യങ്ങൾ ക്രമീകരിക്കണം.
4. വ്യത്യസ്ത ചോദ്യമാതൃകകൾ ഉറപ്പുവരുത്തണം.
5. വ്യത്യസ്ത ശേഷികൾ/ആശയങ്ങൾ പരിഗണിക്കണം.
6. പൂർത്തിയാക്കിയ എല്ലാ പാഠങ്ങളെയും പരിഗണിച്ചാവണം ചോദ്യപേപ്പർ ക്രമീകരിക്കേണ്ടത്.
7. ചോദ്യപേപ്പർ തയാറാക്കുമ്പോൾ ചോദ്യവും സ്കോറും മാത്രം നൽകിയാൽ മതിയാകും.

**തയാറാക്കിയത്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**2011**

# യൂണിറ്റ് 1

1.1 **ആശയം:** *ആശയവിനിമയത്തിനപ്പുറം ഭാഷയ്ക്ക് ഒട്ടേറെ മാനങ്ങളുണ്ട്.*

- "മർത്ത്യന്നു <u>പെറ്റമ്മ</u> തൻഭാഷ താൻ"
- "..... നാനാവിചിന്തനതന്തുക്കൾ
  കൊ<u>ണ്ടാത്മഭാഷ</u>യെ വായ്പ്പിക്കായ്കിൽ"

– അടിവരയിട്ട പദങ്ങൾ മാതൃഭാഷയ്ക്കു നൽകിയിരിക്കുന്ന വിശേഷണങ്ങളാണ്. ഇവ മനുഷ്യനും ഭാഷയുമായുള്ള ബന്ധത്തിന്റെ ഏതൊക്കെ തലങ്ങളാണ് തുറന്നു കാട്ടുന്നത്? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *സമയം– 10 മിനിട്ട് (സ്കോർ 6)*

1.2 **ആശയം:** *വിവിധ സംസ്കാരങ്ങളുടെ സങ്കലനമായ മലയാളഭാഷയുടെ തനിമ നിലനിർത്തേണ്ടതുണ്ട്.*

"ആദിമകാവ്യവും പഞ്ചമവേദവും
നീതിപ്പൊരുളുമുപനിഷത്തും
പാടി സ്വകീയരെ കേൾപ്പിച്ച കൈരളി
പാടവഹീനയെന്നാർ പറയും?"

– കേരളഭാഷ "പാടവഹീന"യല്ലെന്ന് 'എന്റെ ഭാഷ'യിൽ വള്ളത്തോൾ സമർഥിക്കുന്നു. സമകാലിക സാഹചര്യത്തിൽ ഇത്തരമൊരു പ്രതികരണത്തിന്റെ പ്രസക്തി എന്താണ്? സ്വാഭിപ്രായം കുറിക്കുക. *സമയം– 8 മിനിട്ട് (സ്കോർ 4)*

1.3 **ആശയം:** *ഭാഷയ്ക്കുമേലുള്ള അധിനിവേശം സംസ്കാരത്തിന്റെ നാശത്തിന് കാരണമാവുന്നു.*

- "ഒരുവശത്ത് ഞങ്ങളുടെ ഭാഷകളെയും സാഹിത്യങ്ങളെയും അടിച്ചമർത്തി. മറുവശത്ത് ഇംഗ്ലീഷ് ഭാഷയെയും സാഹിത്യത്തെയും ആകാശത്തോളം ഉയർത്തുകയും ചെയ്തു. അതിന്റെ പ്രത്യാഘാതം വലുതായിരുന്നു."
- കേരളത്തിന്നീയിരുൾക്കുണ്ടിൽ നിന്നൊന്നു
  കേറാൻ പിടിക്കയറെന്തു വേറെ?
  മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
  മർത്ത്യന്നു പെറ്റമ്മ തൻഭാഷ താൻ.

– 'ദേശീയബോധ'ത്തിന്റെ കവിയായ വള്ളത്തോളും മാതൃഭാഷയിൽ മാത്രമേ എഴുതൂ എന്നു തീരുമാനിച്ച ഗൂഗിവാ തിഓംഗോയും ഇത്തരം നിലപാടുകൾ സ്വീകരിക്കാൻ കാരണമെന്താവാം? സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയാറാക്കുക.
*സമയം– 8 മിനിട്ട് (സ്കോർ 4)*

1.4 **ആശയം:** *ആധിപത്യത്തിന് ശ്രമിച്ചവർ ആദ്യം കീഴടക്കിയത് ഭാഷയാണ്.*

"ഒരുവശത്ത് ഞങ്ങളുടെ ഭാഷകളെയും സാഹിത്യങ്ങളെയും അടിച്ചമർത്തി. മറുവശത്ത് ഇംഗ്ലീഷ് ഭാഷയെയും സാഹിത്യത്തെയും ആകാശത്തോളം ഉയർത്തുകയും ചെയ്തു. അതിന്റെ പ്രത്യാഘാതം വലുതായിരുന്നു."

- ആനുകാലിക സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി മുകളിൽ കൊടുത്ത വാക്യങ്ങളുടെ പ്രസക്തി പ്രതിപാദിക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.5 **ആശയം:** *ഭാഷ സാംസ്കാരികവിനിമയത്തിന്റെ നിർണായക ശക്തിയാണ്.*

"എൻമകനേതു വിദേശത്തുവാഴ്കിലും
നിൻമനക്കാമ്പിലീയോർമ വേണം
എന്നുടെ ഭാഷതാനെൻ തറവാട്ടമ്മ-
യന്യയാം ഭാഷ വിരുന്നുകാരി."

- 1935-ൽ വള്ളത്തോൾ എഴുതിയ തറവാട്ടമ്മ എന്ന കവിതയിലെ വരികളാണിത്. കവിയുടെ ഉപദേശത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.6 **ആശയം:** *ജനജീവിതവുമായി ബന്ധപ്പെട്ടാണ് ഭാഷ വികാസം പ്രാപിച്ചിട്ടുള്ളത്.*

- "വാക്കെന്റെ യമ്മയുമച്ഛനുമാകുന്നു
  വാക്കിൻ വിരൽ തൂങ്ങിയല്ലോ നടക്കുന്നു." **- വാക്ക്-വി. മധുസൂദനൻ നായർ**
- "ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഭാഷ ഞങ്ങൾക്ക് ലോകത്തിന്റെ
  കാഴ്ച സമ്മാനിച്ചു." **- ഗൂഗിവാ തിഗാംഗോ**

- ഇരുവരുടെയും ഭാഷയോടുള്ള കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.
*സമയം- 8 മിനിട്ട് (സ്കോർ 4)*

1.7 **ആശയം:** *ആശയവിനിമയത്തിന് അപ്പുറം ഭാഷയ്ക്ക് ഒട്ടേറെ മാനങ്ങളുണ്ട്.*

"ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഭാഷ ഞങ്ങൾക്ക് ലോകത്തിന്റെ കാഴ്ച സമ്മാനിച്ചു. അവയ്ക്ക് അവയുടേതായ സൗന്ദര്യമുണ്ടായിരുന്നു. അങ്ങനെ വീടും വയലും ഞങ്ങൾക്ക് പ്രാഥമികവിദ്യാലയങ്ങളായി."

- ഈ നിരീക്ഷണം താഴെ കൊടുത്തിരിക്കുന്ന കാവ്യഭാഗത്തോട് എത്രത്തോളം ഇണങ്ങുന്നു? വിശദീകരിക്കുക.

"കസ്തൂരിക്കുറി പൂശുന്ന
വരമ്പിൻ വക്കിലൊക്കെയും
കാൽവെപ്പിനാൽ പൂ നിരത്തി
രമ്യ ശാരദ കന്യക."

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.8 **ആശയം:** *ആശയവിനിമയത്തിനപ്പുറം ഭാഷയ്ക്ക് ഒട്ടേറെ മാനങ്ങളുണ്ട്.*

"പദങ്ങൾ വെറുതെ കോർത്തിട്ട ചരടല്ല ഭാഷ."

- മാതൃഭാഷയുമായി ബന്ധപ്പെടുത്തി ഗൂഗീവാ തിഗാംഗോവിന്റെ നിരീക്ഷണമാണിത്. ഇതുപോലെ മാതൃഭാഷയുമായി ബന്ധപ്പെടുത്തി രണ്ട് നിരീക്ഷണങ്ങൾ എഴുതുക.
*സമയം- 6 മിനിട്ട് (സ്കോർ 3)*

1.9 **ആശയം:** *സാംസ്കാരികത്തനിമ നിലനിർത്തുന്ന ഭാഷയുടെ മരണം സ്വത്വബോധം ഇല്ലാതാക്കും.*

"മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ."

- മാതൃഭാഷയെ മാതാവിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നതിന്റെ ഔചിത്യം പരിശോധിക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.10 **ആശയം:** *സാംസ്കാരികത്തനിമ നിലനിർത്തുന്ന ഭാഷയുടെ മരണം സ്വത്വബോധം ഇല്ലാതാക്കും.*

"ശരീരത്തെ കീഴ്പ്പെടുത്താനേ വെടിയുണ്ടകൾക്കാവൂ. ആത്മീയമായ കീഴ്പ്പെടുത്തലിന്റെ മാധ്യമം ഭാഷയാണ്"

- സമകാലിക സാമൂഹികാവസ്ഥയുമായി ബന്ധപ്പെടുത്തി ഈ അഭിപ്രായം വിലയിരുത്തി കുറിപ്പ് തയാറാക്കുക *സമയം- 10 മിനിട്ട് (സ്കോർ 6)*

1.11 **ആശയം:** *സാംസ്കാരികത്തനിമ നിലനിർത്തുന്ന ഭാഷയുടെ മരണം സ്വത്വബോധം ഇല്ലാതാക്കും.*

"മാതൃഭാഷയെ നിഷേധിക്കുന്നവർ സ്വയം നിഷേധിക്കുകയാണ് ചെയ്യുന്നത്."

- ഈ കാഴ്ചപ്പാടിനെ സാധൂകരിച്ചുകൊണ്ട് കേരളപ്പിറവി ദിനത്തിൽ നടത്താനുള്ള ഒരു പ്രഭാഷണം തയാറാക്കുക. *സമയം- 10 മിനിട്ട് (സ്കോർ 6)*

1.12 **ആശയം:** *കാലദേശങ്ങൾക്കനുസരിച്ച് ഭാഷയിൽ മാറ്റമുണ്ടാകും*

"സോളമന്റെ താഴ്വരയിലെ ഹംസശുഭ്രയായ ലില്ലി
മോശയ്ക്കൊപ്പം പ്രവചിച്ചവൾ,
ദാവീദിനോടൊത്ത് കാളക്കൂറ്റന്മാരുടെ കൊമ്പിൽ നിന്നു കരഞ്ഞവൾ,
പുറപ്പെട്ടവൾ, ക്രൂശിക്കപ്പെട്ടവൾ,
ഉയിർത്തെഴുന്നേറ്റവൾ, മലയാളം." **-മലയാളം - സച്ചിദാനന്ദൻ**

- മലയാളഗദ്യത്തിന്റെ വികാസപരിണാമങ്ങൾ ചിത്രീകരിച്ചിരിക്കുന്നതിലെ ആസ്വാദ്യത കണ്ടെത്തി കുറിപ്പ് തയാറാക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

1.13 **ആശയം:** *ജനജീവിതവുമായി ബന്ധപ്പെട്ടാണ് ഭാഷ വികാസം പ്രാപിച്ചിട്ടുള്ളത്.*

"കണ്ണീരണിഞ്ഞു കുഗ്രാമ-
ലക്ഷ്മിനോക്കിയിരിക്കവെ,
കേവഞ്ചികേറിപ്പോയോണ-
വെണ്ണിലാവണിരാവുകൾ."

- ഓണരാവുകൾ കേവഞ്ചികേറിപ്പോകുമ്പോൾ കുഗ്രാമലക്ഷ്മി കണ്ണീരണിയുന്നു. ഓണം കഴിയുമ്പോൾ ഇത്തരത്തിലൊരനുഭവം ഇന്ന് ഉണ്ടാകുന്നുണ്ടോ? വിലയിരുത്തുക.
*സമയം- 12 മിനിട്ട് (സ്കോർ 6)*

1.14 **ആശയം:** *ജനജീവിതവുമായി ബന്ധപ്പെട്ടാണ് ഭാഷ വികാസം പ്രാപിച്ചിട്ടുള്ളത്.*

"പറന്നുപോയ്പഞ്ചവർണ-
ക്കിളിക്കൂട്ടങ്ങൾപോലവേ,
കുന്നിൻചെരുവിലോണപ്പൂ-
ക്കുമ്പിളേന്തിയ സന്ധ്യകൾ."

- ഈ വർണനയിലൂടെ സന്ധ്യയുടെ ഏതെല്ലാം സിവശേഷതകളാണ് അനാവരണം ചെയ്യപ്പെടുന്നത്? വിശദീകരിക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.15 **ആശയം:** *ആശയവിനിമയത്തിനപ്പുറം ഭാഷയ്ക്ക് ഒട്ടേറെ മാനങ്ങളുണ്ട്.*

"കുളുർക്കെയവൾ നോക്കുമ്പോൾ
പൂത്തൂ വിൺപിച്ചകച്ചെടി
അവൾ നീരാടവേ നീല-
ദർപ്പണം പാഴ്ച്ചളിക്കുളം!"

- ഈ വർണനയിൽ പ്രകൃതിയുടെ ഭാവപകർച്ച എങ്ങനെയാണ് അനാവരണം ചെയ്യപ്പെടുന്നത്? കണ്ടെത്തി കുറിപ്പു തയാറാക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

1.16 **ആശയം:** *ജനജീവിതവുമായി ബന്ധപ്പെട്ടാണ് ഭാഷ വികാസം പ്രാപിച്ചിട്ടുള്ളത്.*

"അറിവും ആടലോടകവും മണക്കുന്ന
പഴമൊഴികളുടെ നിറനിലാവ്"

- പഴഞ്ചൊല്ലുകളെക്കുറിച്ചുള്ള കവിയുടെ നിരീക്ഷണമാണിത്. ഇതുമായി ബന്ധപ്പെടുത്തി ഒരു പഴഞ്ചൊല്ല് വിശകലനം ചെയ്യുക. *സമയം- 6 മിനിട്ട് (സ്കോർ 3)*

1.17 **ആശയം:** *ജനജീവിതവുമായി ബന്ധപ്പെട്ടാണ് ഭാഷ വികാസം പ്രാപിച്ചിട്ടുള്ളത്.*

- "പാമ്പിൻ മാളങ്ങൾ നിറഞ്ഞ കടങ്കഥകളുടെ
  നൂണ്ടു പോകേണ്ട മൈലാഞ്ചി വഴികൾ" **-മലയാളം - സച്ചിദാനന്ദൻ**
- 'ആനകേറാമല ആടുകേറാമല, ആയിരം കാന്താരി പൂത്തിറങ്ങി'

- കവിയുടെ നിരീക്ഷണം കടങ്കഥയുടെ സവിശേഷതകളുമായി പൊരുത്തപ്പെടുന്നതാണോ? നിങ്ങളുടെ അഭിപ്രായങ്ങൾ കുറിക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

1.18 **ആശയം:** *ഭാഷ സാംസ്കാരിക വിനിമയത്തിന്റെ നിർണായകശക്തിയാണ്.*

"ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം."

- സ്വന്തം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുക.
*സമയം- 8 മിനിട്ട് (സ്കോർ 4)*

1.19 **ആശയം:** *ആശങ്ങൾ വിശകലനം ചെയ്ത് സ്വന്തം നിഗമനങ്ങൾ വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ ആവിഷ്ക്കരിക്കുന്നതിന്.*

- എന്റെ ഭാഷ എന്ന കവിത ദേശീയപ്രസ്ഥാനത്തിന് ആക്കം കൂട്ടാൻ നടത്തിയ സാഹിത്യ പരിശ്രമത്തിന്റെ ഭാഗമാണല്ലോ. ഇത്തരത്തിലുള്ള ഉദ്യമങ്ങൾ ഇന്നും പ്രസക്തമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിരീക്ഷണങ്ങൾ അവതരിപ്പിച്ചുകൊണ്ട് 'ഭാഷയും ജീവിത കാഴ്ച്ചപ്പാടും' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 8)*

1.20 **ആശയം:** *സ്വന്തം അനുഭവങ്ങൾ കാവ്യാത്മകമായ ഭാഷയിൽ അവതരിപ്പിക്കുന്നതിന്.*

"എന്റെ സ്ലേറ്റിൽ വിടർന്ന വടിവുറ്റ മഴവില്ല്,
എന്റെ പുസ്തകത്താളിൽ പെറ്റു പെരുകിയ മയിൽപ്പീലി,
എന്റെ ചുണ്ടുകളിലെ മധുരച്ചവർപ്പുറ്റ ഇലഞ്ഞിപ്പഴം."

**-മലയാളം - സച്ചിദാനന്ദൻ**

- കവിയുടെ ബാല്യകാലാനുഭവങ്ങൾ മാതൃഭാഷായുമായി ഇഴചേർന്നു കിടക്കുന്നു. ഇത്തരം അനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാവില്ലേ? ഒരു അനുഭവക്കുറിപ്പ് തയാറാക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.21 **ആശയം:** *വിവിധ സന്ദർഭങ്ങളിൽ നിന്നുരൂപീകരിച്ച ആശയങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ അവതരിപ്പിക്കുന്നു.*

- ഗുഗി വാതിഓംഗോയുടെ ഏതൊക്കെ കാഴ്ച്ചപ്പാടുകളാണ് നമുക്ക് പ്രചോദനമായിത്തീരുന്നത്? ഇക്കാര്യത്തിൽ നമുക്ക് വെളിച്ചം കാട്ടിത്തന്നതിന് അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് ഒരു തുറന്ന കത്തെഴുതുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

1.22 **ആശയം:** *രചനകൾ വിശകലനം ചെയ്ത് അർത്ഥതലം, ആശയതലം എന്നിവ കണ്ടെത്തുന്നതിന്*

- ഖണ്ഡിക വായിച്ച് ചുവടെ നൽകിയിട്ടുള്ള ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

'കഥകളി പല നിലയ്ക്കും കാണാവുന്ന ഒരു കലയാണ്. അതിലൊന്ന് അതിനെ ഒരു ചിത്രമോ ശില്പമോ ആയി കാണലാണ്. ചിത്രവും ശില്പവും ഒന്നിച്ചു കാണുന്നു എന്നാവും പറയേണ്ടത്. മനുഷ്യനാണ് ഇവിടെ ചുവരും കല്ലും. വലിയ കിരീടം, ചുട്ടി, ഉടുത്തുകെട്ട്, പുതപ്പുകുപ്പായം എന്നിവയാൽ മനുഷ്യശരീരത്തെ പെരുപ്പിച്ചുപെരുപ്പിച്ച് ഒരു വലിയ മൂർത്തിയാക്കി മാറ്റിയിരിക്കുന്നു ഈ കല. കിരീടം വൃത്തത്തിൽ, അതിനു താഴെ ചുട്ടികുത്തിയ മുഖം വൃത്തത്തിൽ, ഉരസ്സും കൈകളും ചേർന്ന് അർധവൃത്തത്തിൽ, താഴെ ഉടുത്തുകെട്ടിന്റേതായ വേറൊരു അർധവൃത്തവും-നേർവരകൾ ഏതുമില്ലാത്ത ഒരു 'ഒരു വൃത്തശില്പ'മാണ് ഓരോ കഥകളിവേഷവും. ഈ ശില്പവിഗ്രഹത്തിന്മേലാണ് ചായവും ചമയവും ഉപയോഗിച്ചുള്ള ചിത്രകല. മുഖത്തേപ്പിന്റെ പച്ച, കണ്ണിന്റെയും കുപ്പായത്തിന്റെയും ചുവപ്പ്, ആഭരണങ്ങളുടെയും കടകകോടീരങ്ങളുടെയും സൗവർണം, കിരീടമൂലത്തിൽ നിന്നുദ്ഭവിച്ച് പുറവടിവു മുഴുവൻ മൂടി രാത്രിയുടെ കറുപ്പിൽ ലയിക്കുന്ന വാർമുടിയുടെ ഇരുട്ട്-

ഇവയെല്ലാം നിലവിളക്കിന്റെ ഇളകുന്ന വെളിച്ചത്തിൽ ഉലഞ്ഞുണ്ടാകുന്ന സ്വപ്ന സന്നിഭത്വമാണ് കഥകളിയിലെ ചിത്രകല. ചിത്രമായും പ്രതിമയായും മാറിമാറി ക്കാണാവുന്ന ഈ വേഷങ്ങൾ ചിലപ്പോൾ വിഗ്രഹമായി ഇളകാതെ നിൽക്കുകയും മറ്റു ചിലപ്പോൾ മനുഷ്യനായി ഇളകിയാടുകയും ചെയ്യുന്നു. ആടുന്ന വേഷങ്ങളെ പ്രതിമകളാക്കി ഉറപ്പിക്കുകയും ഉറച്ചുപോയ പ്രതിമകളെ ആട്ടവും ചലനവുമായി മോചിപ്പിക്കുകയും ചെയ്യലാണ് കഥകളിയിലെ നൃത്യകല എന്നും പറയാവുന്ന താണ്.

**– മലയാളിയുടെ രാത്രികൾ–കെ.സി.നാരായണൻ**

1. കഥകളിയുടെ ദൃശ്യപരമായ സവിശേഷത എന്താണ്?
2. കഥകളി വേഷത്തിന്റെ രൂപപരമായ പ്രത്യേകത എന്ത്?
3. കഥകളിയിൽ ചലനം എങ്ങനെയാണ് സമന്വയിക്കപ്പെട്ടിരിക്കുന്നത്?
4. കഥകളിയിൽ ചിത്രവിദ്യയുടെ പ്രതലമായി ഉപയോഗിക്കുന്നത് എന്ത്?

*സമയം– 15 മിനിട്ട് (സ്കോർ 6)*

***